# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/04/2024

1. കാർഷിക മേഖലയിലെ ഇൻപുട്ട് ഡീലർമാർക്കും സംരംഭകർക്കുമായി നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്ടെൻഷൻ സർവീസ് ഫോർ ഇൻപുട് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. 48 ആഴ്ച ദൈർഘ്യമുള്ള പ്രോഗ്രാമിൽ 80 സെഷനുകളും എട്ട് ഫീൽഡ് സന്ദർശനങ്ങളും ഉൾപ്പെടുന്നു. 20,000 രൂപ കോഴ്സ് ഫീസുള്ള പ്രസ്തുത കോഴ്സിലേക്ക് കൃഷി ഭവനിൽ ലഭ്യമായ അപേക്ഷകൾ പൂരിപ്പിച്ച് കൃഷി ഓഫീസറുടെ ശുപാർശ സഹിതം ഈ മാസം 15 ന് (15/04/2024) മുമ്പായി തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായി ബന്ധപ്പെടുക.

2. പത്തനംതിട്ട കൃഷി വിജ്ഞാനകേന്ദ്രം കൃഷിയിടങ്ങളിൽ ഡ്രോൺ ഉപയോഗത്തിന്റെ പ്രദർശനം നടത്തുന്നു. വളങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ജൈവ കീടനാശിനികൾ തുടങ്ങിയവ പ്രയോഗിക്കാൻ ഡ്രോണുകൾ ഉപയോഗിക്കുന്നതിന്റെ മെച്ചം കർഷകരെ ധരിപ്പിക്കുകയാണു ലക്ഷ്യം. ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 250 പ്രദർശനങ്ങൾ നടത്തും. താൽപര്യമുള്ള പഞ്ചായത്ത്/ കൃഷി ഭവൻ/ കർഷക ഗ്രൂപ്പുകൾ തുടങ്ങിയവ ബ്ലോക്കുതല നോഡൽ ഓഫിസറുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് ഫോൺ 0469-2662094, 2661821, പുളിക്കീഴ്: 9447454627, മല്ലപ്പള്ളി: 9961254033, 9645027060, പന്തളം 9446056737, കോയിപ്രം & പറക്കോട്: 9526160155, കോന്നി & ഇലന്തൂർ: 9447801351.

3. തൃശൂർ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളജിൽ ചീര (അരുണ, CO-1), മുളക് (ഉജ്വല), വഴുതന (ഹരിത സൂര്യ), കുറ്റിപ്പയർ (അനശ്വര), വള്ളിപ്പയർ (ലോല, ഗീതിക), വെണ്ട (ആർക്ക അനാമിക) എന്നിവയുടെ വിത്തുകൾ ലഭ്യമാണ്. പുതിന, വള്ളിച്ചീര തൈകളും ലഭിക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവകലാശാല ആരംഭിച്ച നൂതനകോഴ്സുകളുടെ ഭാഗമായി വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച "വിള സുസ്ഥിരതയ്ക്കുള്ള ജൈവ ഇടപെടലുകൾ" എന്ന 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഒന്നാമത്തെ ബാച്ച് വിജയകരമായി പൂർത്തിയാക്കിയിരിക്കുന്നു. ഈ കോഴ്സിന്റെ രണ്ടാമത്തെ ബാച്ചിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപയും രജിസ്ട്രേഷൻ സ്വീകരിക്കുന്ന പക്ഷം കോഴ്സ് ഫീസ് 4000 രൂപയും അടക്കേ ണ്ടതാണ്. (മേൽ തുകകൾ തിരികെ നൽകുന്നതല്ല.) ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ച് നടത്തുന്ന ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഇ-സർട്ടിഫിക്കറ്റ് നല്കുന്നതാണ്. ജൈവ ഫാമുകളിലെ ജോലിക്കും സംരംഭങ്ങൾക്കും ഈ കോഴ്സ് സഹായകരമാകും. വിശദ വിവരങ്ങൾക്ക് 0487-2371104 എന്ന ഫോൺ നമ്പരിലോ https://cti.kau.in/ എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

5. സംസ്ഥാന കൃഷിവകുപ്പിനു കീഴിലുള്ള ആനക്കയം സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിൽ ഉമ ഇനം നെൽവിത്ത്, പന്നിയൂർ ഇനം കുരുമുളകു തൈകൾ, റെഡ് റോയൽ പപ്പായതൈകൾ എന്നിവ ലഭ്യമാണ്. ഫോൺ നമ്പർ 9383471642.

6. കൃഷിവകുപ്പിൻ്റെ ചിറയിൻകീഴ് സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിൽ ശ്രേയസ് ഇനം നെൽവിത്തും പച്ചക്കറിതൈകളും വിൽപനയ്ക്കുണ്ട്. ഫോൺ നമ്പർ 9383470299.

7. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം പദ്ധതികൾ നടപ്പാക്കാൻ താൽപ്പര്യമുള്ള പഞ്ചായത്തുകൾക്ക്

അപേക്ഷിക്കാം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം, പിൻ-695024. ഫോൺ - 9495000920, 9495000933.

**പരിശീലന പരിപാടി**

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ 'ഇറച്ചിക്കോഴി വളർത്തൽ' എന്ന വിഷയത്തിൽ ഈ മാസം 12 ന് (12/04/2024) രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454, 9188522713 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം